2108

# GOVERNMENT OF KERALA

No. 28448/E1/2013/LBR

Labour & Skills (E) Department.
Thiruvananthapuram Dated, 22.01.2016.

OFFICE OF THE LABOUR COMMISSIONER
01 FEB 2016
THIRUVANANTHAPURAM-33

From

The Additional Chief Secretary to Government.

To

The Director of Printing,
Thiruvananthapuram.

Sir,

Sub:- Preliminary notification for fixing the minimum wages payable to the employees employed in Private Security sector in the state of Kerala – reg.

Ref:- Preliminary Notification No. 28448/E1/2013/LBR dated 21.01.2016.

I am to forward herewith a copy of the Preliminary Notification cited and to request you to print and publish the same in Gazette Extraordinary and to forward 150 copies each of the same to Labour Commissioner, Thiruvananthapuram and the Chairman, Minimum Wages Advisory Board, Kiwi Towers, Tutors Lane, Statue, Thiruvananthapuram and 100 copies to Government in this Department soon after the publication.

Yours faithfully,
Moly John J.S,
Under Secretary,
For Additional Chief Secretary to Government.

Approved for issue

Section Officer

**Enclosures:-As above.**

Copy to :- The Labour Commissioner, Thiruvananthapuram
The Chairman, Minimum Wages Advisory Board, Kiwi Towers, Tutors Lane,Statue,Thiruvananthapuram.
The Director, Information and Public Relations Department (for wide publicity)
PS to the Hon'ble Minister for Labour and Skills Department
Stock file/Office copy.

**കേരള സർക്കാർ**
**തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്.**
**വിജ്ഞാപനം**

നം.28448/ഇ 1/ 2013/തൊഴിൽ

തിരുവനന്തപുരം, 2016 ജനുവരി 21.
1191, മകരം 7.

1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് 1-ാം ഉപവകുപ്പ് (ബി) ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് 2010 ജൂലൈ 24-ാം തീയതിയിലെ സ.ഉ.(കൈയ്യെഴുത്ത്) 80/2010/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2010 ജൂലൈ 26-ാം തീയതിയിലെ 1684-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 736/2010 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ട് കേരള സർക്കാർ സംസ്ഥാനത്തെ സെക്യൂരിറ്റി സർവ്വീസിൽ ജോലി ചെയ്യുന്ന തൊഴിലാളി വിഭാഗങ്ങൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ സംബന്ധിച്ച് താഴെ പട്ടികയിൽ പറയുന്ന പ്രകാരമുള്ള നിർദ്ദേശങ്ങൾ പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (1) -ാം ഉപവകുപ്പ് (ബി) ഖണ്ഡം ആവശ്യപ്പെടുന്നതനുസരിച്ച് അത് ബാധകമാകാനിടയുള്ള എല്ലാ ആളുകളുടെയും അറിവിലേയ്ക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഈ വിജ്ഞാപനത്തിലെ നിർദ്ദേശങ്ങൾ ഈ വിജ്ഞാപനം പ്രസിദ്ധീകരിച്ച തീയതി മുതൽ രണ്ടു മാസം തികയുന്ന തീയതിയിലോ അതിനുശേഷമോ സർക്കാർ പരിഗണനക്കെടുക്കുന്നതാണെന്നും പ്രസ്തുത നിർദ്ദേശങ്ങളെ സംബന്ധിച്ച് മേൽപ്പറഞ്ഞ തീയതിക്കോ അതിനുമുമ്പോ ഏതെങ്കിലും ആളിൽനിന്ന് ലഭിച്ചേക്കാവുന്ന അങ്ങനെയുള്ള ആക്ഷേപങ്ങളോ നിർദ്ദേശങ്ങളോ എന്തെങ്കിലുമുണ്ടെങ്കിൽ, അവയും സർക്കാർ പരിഗണനയ്ക്കെടുക്കുന്നതാണെന്നും ഇതിനാൽ അറിയിക്കുന്നു. എല്ലാ ആക്ഷേപങ്ങളും നിർദ്ദേശങ്ങളും സർക്കാർ അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം - 695 001 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

പട്ടിക

| ക്രമ നമ്പർ | തസ്തിക | ഏറ്റവും കുറഞ്ഞ പ്രതിമാസ കൂലി നിരക്കുകൾ (അടിസ്ഥാന വേതനം) വേതന നിരക്ക് (രൂപ) |
|---|---|---|
| (1) | (2) | (3) |
| 1. | മാനേജർ | : 12830-250-14080-300-15580 |
| 2. | സൂപ്പർവൈസർ | : 12580-250-13830-300-15330 |
| 3. | അസിസ്റ്റന്റ് മാനേജർ/ ഓപ്പറേഷൻസ് മാനേജർ | : 12480-250-13730-300-15230 |
| 4. | ഹെഡ് ഗാർഡ് | : 12230-250-13480-300-14980 |
| 5. | സെക്യൂരിറ്റി ഗാർഡ് (സായുധരായ) | : 11570-250-12820-300-14320 |
| 6. | സെക്യൂരിറ്റി ഗാർഡ് (സായുധരല്ലാത്ത) | : 10170-200-11170-250-12420 |
| 7. | അക്കൗണ്ടന്റ്/കാഷ്യർ/ക്ലാർക്ക് | : 10170-200-11170-250-12420 |
| 8. | ആഫീസ് അറ്റൻഡന്റ് | : 8960-175-9835-200-10835 |
| 9. | സ്വീപ്പർ/ക്ലീനർ | : 8540-150-9290-175-10165 |

ക്ഷാമബത്ത.- അടിസ്ഥാന വേതനത്തിന് പുറമെ, തൊഴിലാളികൾക്ക് ഉപഭോക്തൃ വില സൂചികയുടെ അടിസ്ഥാനത്തിലുള്ള ക്ഷാമബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്. എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ബന്ധപ്പെട്ട ജില്ലാ ആസ്ഥാനങ്ങൾക്കായി പ്രസിദ്ധീകരിക്കുന്ന 1998 - 99= 100 സീരീസിലെ ഉപഭോക്തൃ വില സൂചികയുടെ 250 പോയിന്റിനു മേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും 26/- രൂപ നിരക്കിൽ ക്ഷാമബത്ത നൽകേണ്ടതാണ്.

ഇടുക്കി, വയനാട് ജില്ലകളെ സംബന്ധിച്ചിടത്തോളം, ആ ജില്ലകളിൽ പ്രത്യേകം ഉപഭോക്തൃ വില സൂചിക നമ്പർ പ്രസിദ്ധീകരിക്കുന്നതുവരെ മൂന്നാർ, മേപ്പാടി എന്നീ കേന്ദ്രങ്ങളിൽ യഥാക്രമം പ്രസിദ്ധീകരിച്ചിട്ടുള്ള ഉപഭോക്തൃ വില സൂചിക നമ്പരിന്റെ അടിസ്ഥാനത്തിൽ ക്ഷാമബത്ത നൽകേണ്ടതാണ്.

(i) ഒരു സ്ഥാപനത്തിൽ അല്ലെങ്കിൽ ഒരു തൊഴിലുടമയുടെ കീഴിൽ പൂർത്തിയാക്കിയതും ഇനി പൂർത്തിയാക്കുന്നതുമായ ഓരോ അഞ്ചു വർഷത്തെ സർവ്വീസിന് പുതിയ വേതന നിരക്കിൽ നിർണ്ണയിക്കപ്പെട്ട ശമ്പളത്തിന്റെ തൊട്ടടുത്ത നിരക്കിലുള്ള ഓരോ വാർഷിക ഇൻക്രിമെന്റ് എന്ന രീതിയിൽ സർവ്വീസ് വെയിറ്റേജ് ബന്ധപ്പെട്ട ജീവനക്കാരന് അടിസ്ഥാന ശമ്പളത്തിൽ ഉൾപ്പെടുത്തി നൽകേണ്ടതാണ്.

(ii) ഏതെങ്കിലും തൊഴിലാളി അർഹതപ്പെട്ട ശമ്പള നിരക്കിന്റെ പരമാവധിയിൽ എത്തുകയാണെങ്കിൽ, പ്രസ്തുത തൊഴിലാളിക്ക് തുടർന്നുള്ള ഓരോ വർഷത്തെ സർവ്വീസിനും ബന്ധപ്പെട്ട വിഭാഗത്തിന് നിശ്ചയിച്ചിട്ടുള്ള ശമ്പള സ്കെയിലിലെ അവസാന നിരക്കിൽ തുടർന്നും വാർഷിക ഇൻക്രിമെന്റ് നൽകേണ്ടതാണ്.

യൂണിഫോറം അലവൻസ്.- പട്ടികയിൽ 1 മുതൽ 4 വരെ വിഭാഗം തൊഴിലാളികൾക്ക് പ്രതിവർഷം അടിസ്ഥാന വേതനത്തിന്റെ 10% നിരക്കിൽ യൂണിഫോറം അലവൻസ് നൽകേണ്ടതാണ്.

നൈറ്റ് ഡ്യൂട്ടി അലവൻസ്.- നൈറ്റ് ഡ്യൂട്ടി ചെയ്യുന്ന ദിവസങ്ങളിൽ സെക്യൂരിറ്റി ഗാർഡ്, ഹെഡ് ഗാർഡ്, സൂപ്പർവൈസർ എന്നിവർക്ക് നൈറ്റ് ഡ്യൂട്ടി അലവൻസായി പ്രതിദിനം 20/- രൂപ (ഇരുപത് രൂപ മാത്രം) നൽകേണ്ടതാണ്.

വാഷിംഗ് അലവൻസ്.- യൂണിഫോറം അലവൻസ് അനുവദിച്ചിട്ടുള്ള തൊഴിലാളികൾക്ക് പ്രതിമാസം 25/- രൂപ (ഇരുപത്തിയഞ്ച് രൂപ മാത്രം) വാഷിംഗ് അലവൻസ് നൽകേണ്ടതാണ്.

സ്പെഷ്യൽ അലവൻസ്.- മൊബൈൽ ടവറുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മേൽപ്പറഞ്ഞ അടിസ്ഥാന വേതനത്തിന് പുറമേ പ്രതിമാസം 100/- രൂപ (നൂറ് രൂപ മാത്രം) സ്പെഷ്യൽ അലവൻസായി നൽകേണ്ടതാണ്.

പൊതു വ്യവസ്ഥകൾ.- (1) ഈ മേഖലയിലെ ഏതെങ്കിലും തസ്തികകൾ പട്ടികയിൽ ഉൾപ്പെടുന്നില്ലായെങ്കിൽ അത്തരം ജീവനക്കാർക്ക് സമാന ജീവനക്കാരുടെ വേതനത്തിന്റെയും ക്ഷാമബത്തയുടെയും അധിക അലവൻസിന്റെയും ഇൻക്രിമെന്റിന്റെയും, സർവ്വീസ് വെയിറ്റേജിന്റെയും നിരക്കിൽ വേതനം നൽകേണ്ടതാണ്.

(2) ഏതെങ്കിലും ഷെഡ്യൂൾഡ് എംപ്ലോയ്മെന്റിൽപ്പെട്ട സ്ഥാപനത്തിൽ മറ്റൊരാൾ മുഖേനയോ ഏജൻസി മുഖേനയോ അല്ലാതെ തൊഴിലുടമ നേരിട്ട് നിയമിക്കുന്ന ജീവനക്കാർക്ക്, പ്രസ്തുത ഷെഡ്യൂൾഡ് എംപ്ലോയ്മെന്റിൽ ഈ വിജ്ഞാപനത്തിൽ പ്പെടുത്തിയ വിഭാഗം ജീവനക്കാർക്ക് പ്രത്യേക മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ടെങ്കിൽ ഈ വിജ്ഞാപനത്തിലെ യാതൊന്നും പ്രസ്തുത വിഭാഗം ജീവനക്കാർക്ക് ബാധകമായിരിക്കുന്നതല്ല.

(3) അതതു തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വേതനം, ക്ഷാമബത്ത, അധിക അലവൻസ്, സർവ്വീസ് വെയ്റ്റേജ് എന്നിവയുടെ ആകെ തുകയെ 26 (ഇരുപത്തിയാറ്) കൊണ്ട് ഭാഗിച്ചാൽ കിട്ടുന്ന തുക ആ തസ്തികയുടെ ജീവനക്കാരന്റെ ഒരു ദിവസത്തെ മിനിമം വേതനം ആയിരിക്കുന്നതാണ്.

(4) ഏതെങ്കിലും സ്ഥാപനത്തിലോ ഒരു തൊഴിലുടമയുടെ കീഴിലോ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് അന്തിമ വിജ്ഞാപനപ്രകാരമുള്ള ഏറ്റവും കുറഞ്ഞ വേതനത്തേക്കാൾ ഉയർന്ന വേതനം ഇപ്പോൾ ലഭിക്കുന്നുണ്ടെങ്കിൽ അവർക്ക് തുടർന്നും ഉയർന്ന നിരക്കിൽ വേതനം നൽകേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം,

ടോം ജോസ്,

സർക്കാർ അഡീഷണൽ ചീഫ് സെക്രട്ടറി.

**GOVERNMENT OF KERALA**
**Labour and Skills (E) Department**
**NOTIFICATION**

No. 28448/E1/2013/LBR    Dated, Thiruvananthapuram, 21st January, 2016.
7th Makaram, 1191.

The following proposal for the revision of minimum rates of wages which the Government of Kerala propose to make in exercise of the powers conferred by clause (b) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948), and in supersession of the notification issued under G.O.(Ms.) No. 80/2010/LBR dated 24th July, 2010 and published as S.R.O. No. 736/2010 in the Kerala Gazette Extraordinary No. 1684 dated 26th July, 2010, as payable to the employees employed in Security Service in the State of Kerala, as specified in the schedule below, are hereby published for the information of all persons likely to be affected thereby, as required under clause (b) of sub-section (1) of section 5 of the said Act.

Notice is hereby given that the proposal in this notification will be taken up for consideration on or after two months from the date of its publication in the Gazette and that the objections and suggestions, if any, that may be received from any person with respect to the said proposal on or before the date specified above, will be considered by the Government. All such objections and suggestions shall be addressed to the Additional Chief Secretary to Government, Labour and Skills (E) Department, Government Secretariat, Thiruvananthapuram - 695 001.

SCHEDULE

| Sl. No. | Category | Monthly rates of Minimum Wages ( Basic Wages (Rs.) |
|---|---|---|
| (1) | (2) | (3) |
| 1 | Manager | 12830-250-14080-300-15580 |
| 2 | Supervisor | 12580-250-13830-300-15330 |
| 3 | Assistant Manager/ Operations Manager | 12480-250-13730-300-15230 |
| 4 | Head Guard | 12230-250-13480-300-14980 |
| 5 | Security Guard (armed) | 11570-250-12820-300-14320 |
| 6 | Security Guard (unarmed) | 10170-200-11170-250-12420 |
| 7 | Accountant/ Cashier/ Clerk | 10170-200-11170-250-12420 |
| 8 | Office Attendant | 8960-175-9835-200-10835 |
| 9 | Sweeper/ Cleaner | 8540-150-9290-175-10165 |

**Dearness Allowances .-** In addition to the basic rates of wages, the employees shall be eligible for Dearness Allowance on the basis of Consumer Price Index Numbers. Dearness Allowance at the rate of Rs.26 for every increase of one point above 250 points (new series 1998-99=100) of the Consumer Price Index Numbers published by the Department of Economics and Statistics for concerned District Headquarters.

In respect of Idukki and Wayanad Districts Dearness Allowance shall be paid on the basis of Consumer Price Index Number published for Munnar and Meppadi centres respectively until separate Consumer Price Index Numbers are published for those districts.

(i) The employees who have completed or are completing not less than five years of service in an establishment or under an employer as on the date of coming into force of the final notification, shall be paid service weightage adding to their basic wages at the rate of an annual increment in the next stage of the revised scale of pay for every completed five years of service.

(ii) If any employee will be eligible to get the wages at maximum rate prescribed in the pay scale, then such employee shall be paid an annual increment at the rate prescribed in the higher time scale for every completed year of service.

**Uniform allowance.-** Employees included in Serial numbers 1 to 4 under column (2) in the Schedule shall be paid Uniform allowance at the rate of 10% of basic pay each year.

**Night duty allowance .-** ₹. 20 should be provided as night duty allowance to those Security Guards, Head Guards and Supervisors who have to work during night.

**Washing allowance.-** ₹.25 per month should be provided as washing allowance to those employees who are eligible for Uniform allowance.

**Special allowance.-** ₹.100 per month should be provided as Special allowance to those employees who are working in Mobile Towers.

**General Conditions .-** (i) If any other posts in this sector are not included in the Schedule above, then such posts should be provided with the Minimum rate of wages, Dearness allowance, Special allowance, Increment and Service weightage prescribed for the similar posts in the sector.

(ii) In case where an employee who is employed in a scheduled establishment directly by the employer and not through another person, or agency, is eligible for the minimum rate of wages payable to that scheduled employment and, as such the minimum rates of wages fixed as per this notification are not applicable to such employees.

(iii) For the calculation of daily wages for categories in respect of which monthly wages have been fixed in the notification, basic monthly wage including Dearness Allowance shall be divided by 26.

(iv) In the case of employees of any establishment or under an employer who are at present getting higher wages than the Minimum Wages as per the final notification they shall continue to enjoy such higher rates.

By order of the Governor,
Tom Jose
Additional Chief Secretary to Government.